LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

ഏഴാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

1985 ജൂലായ് 31, ബുധൻ

വാല്യം LXIV] ഔദ്യോഗിക റിപ്പോർട്ട് നമ്പർ [20

നിയമസഭ 1985 ജൂലായ് 31-ാം തീയതി ബുധനാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി

I. ചോദ്യോത്തരങ്ങൾ :

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രായ്ക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(1) വാങ്മൂലം നൽകുന്ന ഉത്തരങ്ങൾ

ആദായനികുതി, വില്പനനികുതി അസ്സസ്മെൻറ്

* 396. [456] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. ഇ. ഇസ്മയിൽ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. ടി. കുമാരൻ :
ശ്രീമതി കെ. ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 മാർച്ച് 31-ാം തീയതിവരെ കാർഷികാദായ നികുതി, വില്പന നികുതി, എന്നീ ഓരോ ഇനത്തിലും എത്ര അസ്സസ്മെൻറുകൾ കുടിശ്ശികയായിട്ടുണ്ട് ;

(ബി) അസ്സസ്മെൻറുകൾ കുടിശ്ശികയാകാൻ കാരണമെന്ത് ;

(സി) ഒരു ലക്ഷത്തിൽ കൂടുതൽ രൂപ വില്പന നികുതിയിനത്തിൽ ഈടാകാനുള്ളതും ഒരു കൊല്ലമായിട്ടും അസസ്മെൻറ് പൂർത്തിയാകാത്തതുമായ എത്ര കേസുകളുണ്ട് ;

(ഡി) അങ്ങനെയുണ്ടെങ്കിൽ ഈ അസ്സസ്മെൻറ് ഏറ്റവും വേഗം പൂർത്തിയാക്കാൻ നടപടികളെടുക്കുമോ ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) അസ്സസ്മെന്റുകളും കുടിശ്ശികയാകാനുള്ള കാരണങ്ങളും താഴെ പറയുന്നവയാണ്.

(1) അസ്സസികളും അവരുടെ അസ്സസ്മെന്റ് വർഷത്തിലെ കണക്കുകളും, ബാലൻസ് ഷീറ്റുകളും മുതലായവ അസ്സസ്സിംഗ് അതോറിറ്റിക്ക് സമർപ്പിക്കുന്നതിൽ വരുന്ന കാലതാമസം.

(2) ആഫീസർമാരുടെ അദ്ധ്വാനശേഷിയുടെ അടിസ്ഥാനത്തിൽ ഓരോ മാസവും ചെയ്തു തീർക്കാവുന്ന അസ്സസ്മെന്റുകളും എത്ര എന്നതു പരിഗണിച്ച് ഓരോ തലത്തിലുള്ള ആഫീസേഴ്സിനും വാർഷിക ടാർഗറ്റ് നിശ്ചയിച്ചിട്ടുണ്ട്. അസ്സസ് ചെയ്യേണ്ട കേസുകളുടെ ബാഹുല്യവും അസ്സസ്സിംഗ് ആഫീസേഴ്സിന്റെ സംഖ്യാ പരിമിതിയും നിമിത്തം ഓരോ വർഷവും ഫൈനൽ അസ്സസ്മെന്റിൽ കുടിശ്ശിക ഉണ്ടാകാറുണ്ട്. എന്നാൽ കേരള വില്പന നികുതി നിയമത്തിലെ റൂൾ 21 അനുസരിച്ച് അസ്സസീസ് ഓരോ മാസവും നടത്തിയിട്ടുള്ള വിറ്റുവരവിന്റെ കണക്കുകളും അനുസരിച്ചുള്ള നികുതിയും എല്ലാ മാസവും 20-ാം തീയതിക്കകം അടയ്ക്കുന്നതുകൊണ്ട് നികുതി വരുമാനത്തിൽ സാരമായ കുറവുണ്ടാകുന്നില്ല.

(സി) എല്ലാ കുടിശ്ശിക അസ്സസ്മെന്റുകളിലും വ്യാപാരികളും സ്ഥാപനങ്ങളും അഡ്മിറ്റഡ് ടാക്സ് അടച്ചുകഴിഞ്ഞിട്ടുള്ളതാണ്. ഫൈനൽ അസ്സസ്മെന്റ് സമയത്ത് അഡ്മിറ്റഡ് ടാക്സ് കൂടാതെ, ഒരു ലക്ഷത്തിലധികം രൂപ വില്പന നികുതിയായി പിരിച്ചെടുക്കാൻ സാധിച്ചേക്കാവുന്ന കുടിശ്ശിക അസ്സസ്മെന്റുകളും വളരെ കുറച്ചു മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. കൃത്യമായ കണക്കുകളും ലഭ്യമല്ല. വിവരം ശേഖരിച്ചു വരുന്നു.

(ഡി) അസ്സസ്മെന്റുകളും പൂർത്തിയാക്കുന്നതിന് ഡെപ്യൂട്ടി കമ്മിഷണർമാർക്കും അസിസ്റ്റന്റ് കമ്മിഷണർമാർക്കും വ്യക്തമായ നിർദ്ദേശങ്ങളും മാർഗ്ഗരേഖകളും നൽകിയിട്ടുണ്ട്. കൂടാതെ എല്ലാ കുടിശ്ശിക അസ്സസ്മെന്റുകളും മൂന്നുവർഷത്തിനകം പൂർത്തിയാക്കുന്നതിലേക്കായി ഈ വർഷം കൂടുതൽ തസ്തികകളും അനുവദിച്ചിട്ടുണ്ട്.

ശ്രീ. കെ. പി. പ്രഭാകരൻ : മാർച്ച് 31-ാം തീയതിവരെയുള്ള അസ്സസ്മെന്റ് കുടിശ്ശികയെക്കുറിച്ച് മുൻകൂട്ടി നോട്ടീസ് കൊടുത്തിട്ടാണ് ചോദിച്ചത്. ഇത് ജൂലൈ മാസം അവസാനമാണ്. അതിന് വിവരം ശേഖരിച്ചുവരുന്നു എന്നു പറയുന്ന രീതി ശരിയല്ല. 1984 മാർച്ച് 31-ാം തീയതിവരെയുള്ള കുടിശ്ശികയെ സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ 1983-84-ലെ ഓഡിറ്റ് റിപ്പോർട്ടിൽ വന്നിട്ടുണ്ട്. അതനുസരിച്ച് സെയിൽ ടാക്സിൽ കുടിശ്ശിക 81,212-ം അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് കുടിശ്ശിക 42,022-ം ഉണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഇതു കൊണ്ടൊന്നും നികുതി പിരിവിനെ ബാധിക്കുന്നില്ലെന്നാണ്. ഓരോ വർഷം അവസാനിക്കുമ്പോഴും പിരിവിന്റെ കുടിശ്ശിക വർദ്ധിച്ചു വരുന്നു എന്നാണ് എ. ജി. യുടെ റിപ്പോർട്ടിൽ പറയുന്നത്. 1983 മാർച്ച് 31-ാം തീയതിവരെ സെയിൽസ് ടാക്സ് കുടിശ്ശിക 84.98 കോടി രൂപ ഉണ്ടായിരുന്നത് 1984 മാർച്ച് 31-ാം തീയതിയായപ്പോഴേക്കും 82.83 കോടി രൂപയായി. അസ്സസ്മെന്റ് പൂർത്തിയാക്കുന്നതിലും കളക്ഷനിലും വീഴ്ചയുണ്ടെന്നാണ് എ. ജി. യുടെ റിപ്പോർട്ടിൽ വ്യക്തമാക്കുന്നത്. മന്ത്രി അതൊന്നും

LIBRARY ARCHIVES Kerala Legislative Assembly

സാരമില്ല എന്നു പറയുന്നു. ഈ കുടിശ്ശിക വരാതിരിക്കാൻ കാര്യക്ഷമമായിട്ടുള്ള എന്ത് നടപടിയാണ് ഗവൺമെൻറ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ശ്രീ. കെ. എം. മാണി : കുടിശ്ശിക വരാതിരിക്കാൻ ഒക്കുകയില്ലെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്കും അറിയാം. ഒരു കാര്യം ബഹുമാനപ്പെട്ട സഭയെ അറിയിക്കാം. സെയിൽസ് ടാക്സിനെ സംബന്ധിച്ചിടത്തോളം ഒരു വർഷം തീർപ്പുകൽപ്പിക്കാൻ 52,000-ത്തിൽ ചിലപ്പോൾ കേസുകൾ കാണും. 2,500 കേസുകൾ പഴയവ ഉണ്ട്. പുതിയതായി ഏതാണ്ട് ആയിരം കേസുകൾ വരും. ചുരുക്കി പറയട്ടെ ഒരു വർഷം 56,000 കേസുകൾ അസ്സസ്മെൻറ് നടത്തുന്നതിന് 189 വിൽപ്പന നികുതി ആഫീസറൻമാരാണുള്ളത്. ഒരു ആഫീസർക്ക് കൊടുത്തിരിക്കുന്ന ടാർജറ് 300 കേസുകൾ ഒരു വർഷം അസ്സസ് ചെയ്യാനാണ്. ഒരു ആഫീസർ 300 കേസുവച്ച് ഈ 189 ആഫീസറൻമാരും വളരെ ശ്രദ്ധയോടുകൂടി അസ്സസ് ചെയ്താലും ഒരു വർഷം 3,200 കേസുകളോളം കുടിശ്ശിക വരും. ഇങ്ങനെ ഓരോ വർഷവും വരും. ഇതിൻെറ അർത്ഥം കുടിശ്ശിക ഫലത്തിൽ കുറെ ഉണ്ടെങ്കിൽപോലും ഓരോ മാസവും 20-ാം തീയതി തലേമാസത്തെ വിറ്റുവരവ് വിൽപ്പന നികുതി രൂപമനുസരിച്ച് അഡ്വാൻസ് ടാക്സായി അടച്ചുകൊണ്ടിരിക്കുന്നതുകൊണ്ട് മേജറായിട്ടുള്ള വരുമാനം സർക്കാരിലേയ്ക്കു ഈ കേസുകളിലൊക്കെ കിട്ടിയിട്ടുള്ളതായിരിക്കും എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കെ. പി. പ്രഭാകരൻ : നികുതി വെട്ടിപ്പുകൾ തടഞ്ഞാൽ ഏതാണ്ട് 300 കോടി രൂപയിലധികം ഉണ്ടാക്കാമെന്നാണ് കേരളാ സ്റേറേറ് കാർഷികാദായ വിൽപ്പന നികുതി വകുപ്പ് അസോസിയേഷൻ പറയുന്നത്. അവർ പറയുന്നത് ഈ കാര്യത്തിൽ അസ്സസ്മെൻറ് യഥാസമയം നടത്തിയാലും ഇപ്പോഴത്തെ 75 കോടി രൂപ കൂടുതൽ ഉണ്ടാക്കാൻ കഴിയും എന്നാണ്. അതുപോലെതന്നെ ചെക്ക് പോസ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ 70 കോടി രൂപ വർദ്ധിപ്പിക്കാൻ കഴിയും. ഇതിനെക്കുറിച്ച് ഇവർ ഗവൺമെൻറിൽ വ്യക്തമായ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ഇതിനായി വരുന്ന അധിക ചെലവ് (വളരെ ചെറിയ ചെലവ്) ഗവൺമെൻറ് വഹിച്ചാൽ ഈ സാമ്പത്തിക പ്രതിസന്ധിയുടെ കാലഘട്ടത്തിൽ അർഹമായത് പിരിച്ചെടുക്കാൻ കഴിയുമെന്നാണ് പറയുന്നത്. അതിൻെറ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഉത്തരവാദിത്വത്തോടുകൂടി മുന്നോട്ടു വച്ചിട്ടുള്ള നിർദ്ദേശം ഗവൺമെൻറ് ഗൗരവമായി പരിഗണിക്കുമോ ?

ശ്രീ. കെ. എം. മാണി : ഞാൻ ഇത് ഇതിനുമുൻപും പറഞ്ഞിട്ടുണ്ട്. അസോസിയേഷൻെറ കണക്കൊന്നും വലിയ കണക്കല്ല. ഈ അസോസിയേഷൻ വിചാരിക്കുകയാണെങ്കിൽ എത്രയും വേഗം ഈ കുടിശ്ശിക പിരിച്ചെടുക്കാൻ കഴിയും. ഡിപ്പാർട്ടുമെൻറ് നോട്ട് എഴുതിയാൽ മതിയല്ലോ. ഈ അസോസിയേഷൻെറ കണക്ക് ആധികാരികമായ കണക്കായി ഗവൺമെൻറ് കണക്കാക്കുന്നില്ല. അസോസിയേഷൻ പറയുന്ന കണക്ക് ശരിയല്ല. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഞാൻ ഓഫീസേഴ്സിൻെറ മുഴുവൻ കോൺഫറൻസ് വിളിച്ചുകൂട്ടി ഒരു പുതിയ തീരുമാനം എടുത്തിട്ടുണ്ട്. എല്ലാ കേസുകളിലും കുടിശ്ശിക തീർക്കാൻ ഒക്കുകയില്ല. ഈ കേസുകളിൽതന്നെ demand notice current ആയിട്ടുള്ള കേസുകൾ കാണും, വലിയ തുക ഇല്ലാത്ത കേസുകൾ കാണും. Production potential ആയിട്ടുള്ള കുറെ കേസുകൾ തെരഞ്ഞെടുത്തുകൊണ്ട് അങ്ങനെയുള്ള കേസുകൾ ഈ വർഷം ഒക്ടോബർ 30-ാം തീയതിക്കകമെങ്കിലും അസ്സസ്മെൻറ്

LIBRARY ARCHIVES Kerala Legislative Assembly

തീർക്കണമെന്ന് ഒരു നിർദ്ദേശം കൊടുത്തിട്ടുണ്ട്. അത് മിക്കവാറും തീർക്കാൻ കഴിയുമെന്നാണ് വിചാരിക്കുന്നത്. എന്നാലും പിന്നെയും മിച്ചം വരും.

ശ്രീ. കെ. ഇ. ഇസ്മയിൽ : നമ്മുടെ സംസ്ഥാനത്ത് വിൽപ്പന നികുതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത എത്ര കച്ചവടക്കാർ ഉണ്ട് ; 1984-85-ൽ ഈ കച്ചവട സ്ഥാപനങ്ങളിൽ എത്രയെണ്ണം പരിശോധന പൂർത്തിയാക്കാൻ കഴിഞ്ഞു, പൂർണ്ണമായും പരിശോധന പൂർത്തിയാക്കാൻ കഴിയാത്തത് എന്തുകൊണ്ട്, അത് പരിഹരിക്കാൻവേണ്ടി എന്ത് ചെയ്യാൻ കഴിയും ?

ശ്രീ. കെ. എം. മാണി : പരിശോധന എന്നുപറഞ്ഞതിന്റെ അർത്ഥം മനസ്സിലായില്ല, എന്ത് പരിശോധനയാണ് ?

ശ്രീ. കെ. ഇ. ഇസ്മയിൽ : നമ്മുടെ സംസ്ഥാനത്ത് വിൽപ്പന നികുതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത എത്ര കച്ചവടക്കാർ ഉണ്ട്, അസ്സസ്മെന്റ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : രജിസ്റ്റർ ചെയ്യപ്പെട്ട 80,000 ഡീലേഴ്സാണ് സംസ്ഥാനത്തുള്ളത്.

ശ്രീ. കെ. ഇ. ഇസ്മയിൽ : ഞാൻ ചോദിച്ചത് നമ്മുടെ സംസ്ഥാനത്ത് വിൽപ്പന നികുതി നിയമപ്രകാരം എത്ര കച്ചവടക്കാർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നതിന് 80,000-ത്തോളം ഉണ്ടെന്നു പറഞ്ഞു. ഈ 80,000-ത്തോളം എണ്ണത്തിന്റെയും അസ്സസ്മെന്റ് പൂർത്തിയാക്കാൻ കഴിഞ്ഞോ ; ഇല്ലെങ്കിൽ അതിന് എന്ത് ചെയ്യാൻ കഴിയും ?

ശ്രീ. കെ. എം. മാണി : വിൽപ്പന നികുതി നിയമപ്രകാരമാണ് വ്യാപാരികളെ രജിസ്റ്റർ ചെയ്തിട്ടുള്ളത്. വിൽപ്പന നികുതി കൊടുക്കേണ്ട വ്യാപാരികളെ സംബന്ധിച്ചിടത്തോളം പരിശോധന സാമാന്യ ഗതിയിൽ എപ്പോഴും പൂർത്തിയായിക്കൊണ്ടിരിക്കുന്നതാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : നികുതി വെട്ടിപ്പ് ഫലപ്രദമായി തടയാൻ കഴിഞ്ഞാൽ 225 കോടി രൂപയും അതുപോലെ അസ്സസ്മെന്റ് യഥാസമയം നടത്തിയാൽ 75 കോടി രൂപയും പ്രതിവർഷം അധിക വരുമാനം നമ്മുടെ സംസ്ഥാനത്തിന് ലഭിക്കുമെന്ന് കേരളാ സ്റ്റേറ്റ് കാർഷികാദായ നികുതി വിൽപ്പന നികുതി സ്റ്റാഫ് അസോസിയേഷൻ ഗവൺമെന്റിനു സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് പരിശോധിക്കുമോ; നമ്മുടെ സംസ്ഥാനം വളരെയേറെ സാമ്പത്തിക ബാദ്ധ്യത നേരിടുന്ന ഘട്ടത്തിൽ ഇത് പരിഹരിച്ച് എത്രയേറെ അധികവരുമാനം ഉണ്ടാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : കപ്പലിലാണ് കള്ളൻ. നികുതി വെട്ടിപ്പ് തടഞ്ഞാൽ ഇത്രയൊക്കെ കിട്ടുമെന്ന് സ്റ്റാഫ് അസോസിയേഷൻ പറയുന്നു വെങ്കിൽ അവർ അത് പിടിച്ചാൽ പോരെ. ഇതൊക്കെ ഏതെങ്കിലും ഒരു അസോസിയേഷൻ ഗവൺമെന്റിനെതിരായി നടത്തുന്ന അടിസ്ഥാനരഹിതമായ പ്രചരണങ്ങളാണ്, ഗവൺമെന്റ് അത് സ്വീകരിക്കുന്നില്ല. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ നികുതി വെട്ടിപ്പ് നടത്തുന്നെങ്കിൽ അത് തടയാൻ ഫലപ്രദമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. എല്ലാ നികുതി വെട്ടിപ്പുകളും തടയാൻ ഏതെങ്കിലും ഒരു ഗവൺമെന്റിനു

LIBRARY ARCHIVES Kerala Legislative Assembly

ഒക്കുമോ ? കള്ളത്തരങ്ങൾ കാണും, നികുതിവെട്ടിപ്പുകൾ കാണും. കഴിയുന്നിടത്തോളം ഇത് പുറത്തു കൊണ്ടുവരുന്നതിനും തടയുന്നതിനും ഗവൺമെൻറ് ശ്രമിച്ചിട്ടുണ്ട്. അതിന്റെ കണക്ക് ഞാൻ നിയമസഭയിൽ നൽകിയിട്ടുണ്ട്.

Dr. A. Subha Rao : Sir, may I know whether it is a fact that out of 16,000 written scrutiny in 1984-85, 10,000 of those which has been scrutinised were found to have evaded the tax and the tax so evaded—the turn over so evaded—comes to about 22 Crores of Rupees.

Shri K. M. Mani : Sir, I dispute these figures. These figures are not at all correct.

Dr. A. Subha Rao : You give the correct figures.

ശ്രീ. കെ. എം. മാണി : ഇത്ര കടകൾ പരിശോധിച്ചു, ഇത്ര ബുക്ക് ചെയ്തു, ഇത്ര കാമ്പൗണ്ടിംഗ് ഫീസ് പിരിച്ചെടുത്തു, ഇത്ര സെക്യൂരിറ്റി വയ്പിച്ചു എന്നുള്ളതൊക്കെ ഞാൻ ഈ നിയമസഭയിൽ ഒരു ചോദ്യത്തിന് മറുപടി പറഞ്ഞതാണ്. വീണ്ടും ചോദ്യം ചോദിച്ചാൽ ആ കണക്ക് ഞാൻ പറയാം.

Dr. A. Subha Rao : May I know whether the Government is aware that there is an evasion on Salestax to the tune of nearly ten lakhs daily, as a result of the transport of goods through train. If so what steps do the Government proposed to take to stop that ?

Shri K. M. Mani : Unless and until the Railway Act is amended, we are not able to check the evasion through the Railway. We are persuading the Central Government to bring in such an amendment.

ശ്രീമതി കെ. ആർ. ഗൗരി : നികുതി കുടിശ്ശിക ഇനത്തിൽ 82 ആയിരത്തോളം രൂപ ഉണ്ടെന്ന് അങ്ങ് ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞു. കുടിശികയുള്ള നികുതി അസ്സസ്മെൻറിനെക്കുറിച്ചാണ് ഞാൻ ചോദിക്കുന്നത്. അസ്സസ്മെൻറിൽ കുടിശ്ശികയുള്ളത് ഓരോ വർഷവും അസ്സസ് ചെയ്യാനുള്ളതാണ്. അസ്സസ്മെൻറിൽ കുടിശ്ശിക ഉള്ളത് തീർക്കാൻ എന്തു നടപടിയാണ് ഗവൺമെൻറ് സ്വീകരിക്കുന്നത്? അസ്സസ്മെൻറ് കുടിശ്ശിക തീർത്തില്ലെങ്കിൽ ഓരോ വർഷവും ഗവൺമെൻറിന് കിട്ടാനുള്ള പണം കച്ചവടക്കാർതന്നെ കൈകാര്യം ചെയ്യുന്നതുകൊണ്ട് ഗവൺമെൻറിന് വമ്പിച്ച നഷ്ടമല്ലേ ഉണ്ടാകാൻ പോകുന്നത് ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട ഗൗരിയമ്മ പറഞ്ഞ അതേ സ്പിരിട്ടിൽതന്നെ ഗവൺമെൻറ് ഇതിനെ കാണുന്നുണ്ട്. പല രീതിയിലുള്ള കുടിശ്ശികകളുണ്ട്. അസ്സസ്മെൻറ് കുടിശ്ശികകൾ വേഗം തീർക്കുന്നതിന്, അസ്സസ് ചെയ്തു കഴിഞ്ഞാൽ ഡിമാൻറ് നോട്ടീസുകൾ കൊടുക്കുന്നതിന്, കളക്ഷൻ നടത്തുന്നതിന്, ഇവയെല്ലാം അരിയേഴ്സ് ഉണ്ടാകും. അരിയർ കളക്ഷൻ തീർക്കുന്നതിനും കറൻറ് കളക്ഷൻ പൂർത്തിയാക്കുന്നതിനും എല്ലാം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ട് ഒരു സമയ പരിധിയ്ക്കകം എല്ലാ വിഭാഗങ്ങളിലെയും പ്രൊഡക്ടീവ് കേസുകൾ വേഗം പൂർത്തിയാക്കുന്നതിന് ഗവൺമെൻറ് തീരുമാനമെടുത്തിട്ടുണ്ട്. അതിനാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ ഒക്ടോബർ മാസത്തിനകം മിക്കവാറും പ്രൊഡക്റ്റീവായിട്ടുള്ള എല്ലാ കേസ്സിലും തീരുമാനമുണ്ടാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. ഗൗരി : നികുതി കുടിശ്ശിക പിരിക്കുന്ന ഉദ്യോഗസ്ഥൻമാർ ഈ നികുതികളും ശരിയാംവണ്ണം പിരിക്കുകയാണെങ്കിൽ ഏതാണ്ട് 390 കോടിരൂപ ഓരോ വർഷവും അധിക വരുമാനമുണ്ടാക്കാൻ കഴിയും. ആ വിധത്തിൽ ചെക്പോസ്റ്റുകളിലും അതുപോലെ റെയിൽവേയിലും മറ്റുമുള്ള അസസ്സ്മെൻറും മറ്റു നടപടി ക്രമങ്ങൾക്കും ആവശ്യമായിട്ടുള്ള സ്റ്റാഫും മറ്റു സംവിധാനങ്ങളും ഏർപ്പെടുത്താത്തതുകൊണ്ട് ഓരോ വർഷവും 390 കോടി രൂപയുടെ നഷ്ടമാണ് ഉണ്ടാകുന്നത്. ഞാൻ ഗവൺമെൻറിനെ കുറ്റപ്പെടുത്തി പറയുകയല്ല. അതിനാവശ്യമായിട്ടുള്ള സ്റ്റാഫിനെയും മറ്റും കൊടുത്ത്, നമ്മുടെ പ്രത്യേക ബുദ്ധിമുട്ടുകളും പരിഗണിച്ച്, ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനം കാര്യക്ഷമമാക്കാൻ വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. കെ. എം. മാണി : ഈ ഫിഗറൊക്കെ ഏകപക്ഷീയമായിട്ട് പറയുന്നതാണ്. ഒരു അസോസിയേഷൻ പറയും 327 കോടി രൂപ 25 പൈസ കിട്ടും, വേറൊരു അസോസിയേഷൻ പറയും 600 കോടി രൂപ 70 പൈസ കിട്ടും എന്ന്. അങ്ങനെ കുറെ കോടികളുടെ കണക്കു പറഞ്ഞാൽ അത് കണക്കാകുകയില്ല. അരിയേഴ്സ് ഉണ്ട്. അതു തീർക്കണം. അതിനു പകരം ഈ അരിയേഴ്സ് ഒക്കെ തീർത്തിട്ട് സുഭിക്ഷമാണ് ഈ രാജ്യം, ഓരോ വർഷവും 300 കോടി രൂപയും അതിൽ കൂടുതലും കിട്ടും, ഈ രീതിയിലുള്ള ഒരു ഇംപ്രഷൻ ശരിയല്ല. അഡ്മിറ്റ് ചെയ്യാവുന്നത് അഡ്മിറ്റ് ചെയ്യും. അത് ഈ ഗവൺമെൻറിൻെറ തെറ്റല്ല, ആദ്യ കാലഘട്ടം മുതലുള്ള ഗവൺമെൻറുകളുടെ എല്ലാം നോംസിൻെറ അടിസ്ഥാനത്തിൽ പഴയ കേസ്സുകളും കുടിശ്ശികയുണ്ട്. അതു തീർക്കുന്നതിനവേണ്ടി ഗവൺമെൻറ് ആത്മാർത്ഥമായ ശ്രമം നടത്തുന്നുണ്ട്. അതിന് നോംസ് ഫിക്സ് ചെയ്തു കൊടുത്തിട്ടുണ്ട്. അതിനു സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. കഴിവതും വേഗം ഫലപ്രദമായ തീരുമാനമെടുക്കുന്നതിന് ഗവൺമെൻറ് ആത്മാർത്ഥമായി ശ്രമിക്കുന്നതാണ്. കൂടുതൽ കർശനമായ നടപടികളും ഈ കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. കെ. നായനാർ : നമ്മുടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിച്ചപ്പോൾ പറയുന്നത് എവിടെ നിന്നോ കണക്കുകൾ കൊണ്ടുവന്നു എന്നാണ്. ഞാൻ കമ്മിറ്റിക്കാരുടെ കണക്കോ അസസ്സ്മെൻറിൻെറ കണക്കോ ഒന്നും അല്ല ചോദിക്കുന്നത്. ഞാൻ അതോറിറ്റേറ്റീവ് കണക്ക് ചോദിക്കുകയാണ്. കാർഷികാദായ നികുതി, വിൽപ്പന നികുതി എന്നിവയിൽ എത്ര അസസ്സ്മെൻറ് കുടിശ്ശികയുണ്ടെന്നാണ് ചോദ്യം ? അച്ചടിച്ചു തന്നിട്ടുള്ള ഒരു റിപ്പോർട്ട് ഉണ്ട്. ആ ആഡിറ്റ് റിപ്പോർട്ടിൽ പറയുന്നത് സെയിൽസ് ടാക്സ് ഇനത്തിൽ മാത്രം 1983-84-ൽ 83 കോടി രൂപയുടെ കുടിശ്ശികയുണ്ടെന്നാണ്. എൻെറ ചോദ്യം 1985 വരെ എത്ര കുടിശ്ശികയുണ്ടെന്നാണ്. അതുപോലെ കാർഷികാദായ നികുതിയിനത്തിൽ 23 കോടി രൂപയുടെ കുടിശ്ശികയുണ്ട്. അതുമാത്രമല്ല തൃശ്ശൂരിലെ ഒരു വ്യാപാരിക്ക് എട്ടുലക്ഷം രൂപ വെറുതെ തിരിച്ചുകൊടുത്തു. ആഡിറ്റ് റിപ്പോർട്ട് പേജ് 28—ലാണ് അതു കൊടുത്തിരിക്കുന്നത്. 1985 വരെയുള്ള ഇതിൻെറ കണക്ക് എത്രയാണ് ? ഈ ആഡിറ്റ് റിപ്പോർട്ട് നിങ്ങൾ അംഗീകരിക്കുന്നുണ്ടോ എന്നാണ് ഞാൻ ചോദിക്കുന്നത് .

ശ്രീ. കെ. എം. മാണി : റിപ്പോർട്ട് ഗവൺമെൻറ് ഗൗരവമായി പരിശോധിക്കും. ഗൗരവമായി ഇതിൽ നടപടി സ്വീകരിക്കും.

ശ്രീ. ഇ. കെ. നായനാർ : നിങ്ങൾ അംഗീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ആഡിറ്റ് റിപ്പോർട്ടിൽ ഫാക്റ്റ്സ് തെറ്റാണ് എന്നു ഞാൻ പറഞ്ഞിട്ടില്ല.

ശ്രീ. ഇ. കെ. നായനാർ : അപ്പോഴും ഒരു വ്യാപാരിക്ക് എട്ടു ലക്ഷം രൂപ നിങ്ങൾ തിരിച്ചു കൊടുത്തു എന്നു പറയുന്നതോ ?

ശ്രീ. കെ. എം. മാണി : റിപ്പോർട്ടിൽ ഏതോ ഉദ്യോഗസ്ഥന്റെ പാകപ്പിഴ ചൂണ്ടിക്കാണിച്ചു കാണും. അതിനു നിങ്ങൾ വന്ന് ഗവൺമെന്റിനോട് പറഞ്ഞാൽ എന്താണ് ചെയ്യുന്നത്. ഏതെങ്കിലും ഉദ്യോഗസ്ഥന് പാകപ്പിഴ സംഭവിച്ചു എന്ന് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടെങ്കിൽ ഗവൺമെന്റ് അതിൽ നടപടി സ്വീകരിക്കും.

ശ്രീ. എ. സി. ഷൺമുഖദാസ് : 1983-84-ലെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം 1982-83-ൽ 101x713 അസ്സസ്മെന്റ് പൂർത്തിയായപ്പോൾ 1983-84-ൽ കേവലം 99,795 അസ്സസ്മെന്റാണ് ഇൻകംടാക്സിൽ പൂർത്തീകരിച്ചത്. അഗ്രിക്കൾച്ചറൽ ഇൻകംടാക്സിൽ 1982-83-ൽ 57,194 അസ്സസ്മെന്റ് പൂർത്തിയാകുമ്പോൾ 1983-84-ൽ കേവലം 45,417 അസ്സസ്മെന്റും ആണ് പൂർത്തീകരിച്ചത്. അസ്സോസിയേഷൻ പറഞ്ഞിരിക്കുന്നത് ഈ ഗവൺമെന്റിന്റെ മെഷിനറിയുടെ പോരായ്മയും മറ്റു ചില അപാകതകളുമാണ് ഈ നികുതി പിരിവ് കുറയാൻ കാരണമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കപ്പലിലാണ് കള്ളൻ എന്നാണ്. കപ്പിത്താനാണ് കള്ളൻ എന്നും കപ്പിത്താനാണ് കൂട്ടുനിൽക്കുന്നത് എന്നും പറഞ്ഞാൽ നിഷേധിക്കുമോ ?

ശ്രീ. കെ. എം. മാണി : അതു ബഹുമാനപ്പെട്ട മെമ്പറുടെ കപ്പിത്താനായിരിക്കും. ഇവിടെ ചോദിച്ച ചോദ്യം എല്ലാം അസ്സസ്മെന്റിനെക്കുറിച്ചാണ്. ഞാൻ അതു പറഞ്ഞു, അസ്സോസിയേഷൻ രാഷ്ട്രീയ പ്രേരിതമായ പല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. അതു ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അംഗീകരിക്കുന്നില്ല. അസ്സസ്മെന്റിന്റെ കുടിശ്ശിക തീർക്കുന്നതിന് ഗവൺമെന്റ് സത്വരമായ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. ഒ. ഭരതൻ : ബാങ്കു നിക്ഷേപം വകയായി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ലഭിക്കുന്ന പലിശ ആദായമായി കണക്കാക്കി പ്രസ്തുത സംഖ്യയ്ക്ക് ആദായനികുതി വസൂലാക്കുന്ന സമ്പ്രദായം ഇന്നു നിലവിലുണ്ടോ ? ഉണ്ടെങ്കിൽ അതുവഴി 1984-85 വർഷത്തിൽ എന്നു തുക ഗവൺമെന്റിന് കിട്ടിയിട്ടുണ്ട് ?

ശ്രീ. കെ. എം. മാണി : അങ്ങനെ ഇൻകംടാക്സിൽ പ്രൊവിഷനുണ്ട് ബാങ്ക് നിക്ഷേപത്തിനു കിട്ടുന്ന പലിശയ്ക്ക് സെൻട്രൽ ഇൻകംടാക്സിനു ഇൻകം ടാക്സ് കൊടുക്കണം.

ശ്രീ. എം. വി. രാഘവൻ : അസ്സസ്മെന്റ് നടത്താൻ കഴിയാതെ 1985-86-ലെ സെയിൽസ് ടാക്സ് എങ്ങനെയാണ് പിരിച്ചത്. അത് എത്രത്തോളം പിരിച്ചിട്ടുണ്ട്? അസ്സസ്മെന്റ് ഇല്ലാതെ എങ്ങനെയാണ് പിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. എം. മാണി : രണ്ടു തരത്തിലുള്ള അസ്സസ്മെന്റ് ഉണ്ട്. കറന്റ് അസ്സസ്മെന്റ് ഉണ്ട്, അരിയർ അസ്സസ്മെന്റും ഉണ്ട്. അരിയറായി കിടക്കുന്നതിൽ നിന്നും കുറെ അസ്സസ് ചെയ്യും. കറന്റായിട്ടുള്ളതും അസ്സസ് ചെയ്യും. രണ്ടു വിഭാഗത്തിൽ നിന്നും ഓരോ വർഷവും

LIBRARY ARCHIVES Kerala Legislative Assembly

അസ്സസ് ചെയ്യുകയാണ്. മറ്റൊരു കാര്യമുള്ളത്, ഗവൺമെൻറിന് ഇന്നു കൈവശമുള്ള ഉദ്യോഗസ്ഥന്മാരെ വച്ച്, അവരുടെ മാക്സിമം അദ്ധ്വാന ശേഷിവച്ച് ആ നോംസിൻെറ അടിസ്ഥാനത്തിൽ ഡിസ്പോസ് ചെയ്തു കൊണ്ടിരിക്കുകയാണ്.

ശ്രീ. എം. വി. രാഘവൻ : 1984-85-ൽ തന്നെ 1985-86-ലെ എത്ര തുക പിരിച്ചിട്ടുണ്ട് ?

ശ്രീ. കെ. എം. മാണി : അഡ്വാൻസല്ല. മാർച്ച് മാസത്തെ നികുതിയെ സംബന്ധിച്ചിടത്തോളം മാർച്ച് മാസത്തിൽ തന്നെ മേടിച്ചു. അത് ഗവൺമെൻറിൻെറ കാര്യക്ഷമതയെയാണ് കാണിക്കുന്നത്, മാർച്ച് മാസത്തിൽ വ്യാപാരികളം പിരിച്ചത് മാർച്ച് മാസത്തിൽ തന്നെ വാങ്ങിച്ചു.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ് : വിൽപ്പന നികുതി ഇനത്തിൽ 'സെൻറ് ആൻറണീസ് ഗിൽഡ്' ഈ ഗവൺമെൻറിന് തരാനുണ്ടായിരുന്ന 16 ലക്ഷം രൂപ ലഭിച്ചിട്ടുണ്ടോ ? ലഭിച്ചിട്ടില്ലെങ്കിൽ അതിനെന്താണ് കാരണമെന്നു വ്യക്തമാക്കാമോ ?

ശ്രീ. കെ. എം. മാണി : ഗിൽഡിൽ നിന്നും ഗവൺമെൻറിന് ലഭിക്കേണ്ടതു മുഴുവൻ ലഭിച്ചിട്ടില്ല. അതിന് കേസുകളം കൊണ്ട് തടസ്സമുണ്ടായിട്ടുണ്ട്. അതിൻെറ അവസാന പൈസ വരെ വാങ്ങിയെടുക്കുന്നതിന് ഗവൺമെൻറ് വേണ്ട നടപടി സ്വീകരിക്കും.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : അസോസിയേഷനുകളം പറയുന്ന കണക്ക് ശരിയല്ല എന്നു മന്ത്രി സമ്മതിക്കുന്നുണ്ട്. കൃത്യമായ കണക്ക് തരുന്നുമില്ല. അദ്ദേഹം പറഞ്ഞത് അസ്സസ്മെൻറ് പൂർത്തിയാകുന്നില്ലെങ്കിലും അഡ്മിറേഡ്ടാക്സ് പിരിക്കുന്നതുകൊണ്ട് കുഴപ്പം വരുന്നില്ല എന്നാണോ ? കാർഷികാദായ നികുതിയെ സംബന്ധിച്ച് പ്രീവിയസ് അഡ്മിറേഡ്ടാക്സ് പിരിക്കുന്നില്ല. നോട്ടീസും കൊടുക്കുന്നില്ല, അസ്സസ്മെൻറും നടത്തുന്നില്ല. ഇതിൻെറ ഫലമായി ഒരു പ്രത്യേക സെക്ടറിനെ മുഴുവൻ നിയമിക്കുന്നതിൽ നിന്നും ഒഴിവാക്കി നിറുത്തിയിരിക്കുകയാണ് എന്നുള്ളതാണ് വസ്തുത. അതു വഴി സ്റേറേറിന് രണ്ടുകൊല്ലം കൊണ്ട് എത്ര രൂപയുടെ നഷ്ടം വന്നു കാണും ?

ശ്രീ. കെ. എം. മാണി : ഇതൊക്കെ സങ്കൽപ്പങ്ങളാണ്. ഇതൊന്നും വാസ്തവമല്ല. ഇതിനൊന്നും മറുപടി പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. കെ. പി. അരവിന്ദാക്ഷൻ : കാർഷികാദായ നികുതിയിൽ മന്ത്രി പറഞ്ഞതുപോലെ പ്രീവിയസ് അഡ്മിറേഡ് ടാക്സ്, പിരിക്കുകയോ നോട്ടീസ് നൽകുകയോ ചെയ്യുന്നില്ല. ശരിയല്ലാത്ത വസ്തുതയാണ് ഇവിടെ പറയുന്നത്. ഇതു വഴി ഒരു മേഖലയെ മുഴുവൻ നിങ്ങളം നികുതിയിൽ നിന്നും ഒഴിവാക്കി നിറുത്തിയിരിക്കുകയാണ്. ഈ കാര്യത്തിൽ രണ്ടു കൊല്ലംകൊണ്ട് എത്ര കോടി രൂപയുടെ നഷ്ടം വന്നു എന്നാണ് ചോദ്യം.

ശ്രീ. കെ. എം. മാണി : പിരിക്കുന്നില്ല എന്നു മെമ്പർ പറഞ്ഞാൽ അത് വസ്തുതയാകുമോ ? ഗവൺമെൻറ് പറയുന്നു, പിരിക്കുന്നുണ്ടെന്ന്. അഡ്മിറേഡ്ടാക്സ് പിരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. തങ്കപ്പൻ : അധിക വിഭവസമാഹരണം നടത്തുന്നതിനു വേണ്ടി ആഗ്രഹിക്കുന്ന ഒരു ഗവൺമെൻറും ധനകാര്യമന്ത്രിയുമാണ് ഇവിടെയുള്ളത്. അങ്ങയുടെ ആദായനികുതി ഉദ്യോഗസ്ഥൻമാർ കഴിഞ്ഞ ഒരാഴ്ചയായി ശ്രീമാൻ ബാലകൃഷ്ണപിള്ള പാളയത്ത് പടുത്തുയർത്തിയിരുന്ന അര കോടി രൂപ ചെലവു വരുന്ന കെട്ടിടത്തിനു ചുറ്റും വിവരം ശേഖരിക്കാൻ നടക്കുകയാണ്. അതുകൊണ്ട് സമഗ്രമായ ഒരന്വേഷണം ഏർപ്പെടുത്തി അദ്ദേഹത്തിൽ നിന്നും ഗവൺമെൻറിന് കിട്ടാൻ എന്തെങ്കിലും ആദായനികുതിയുണ്ടെങ്കിൽ അത് വാങ്ങിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. കെ. എം. മാണി : ബഹുമാനപ്പെട്ട മെമ്പർക്ക് കാർഷികാദായ നികുതി എന്താണ്, കേന്ദ്ര ആദായ നികുതി എന്താണ് എന്നറിഞ്ഞുകൂടാ, ആദ്യമായിട്ട്. രണ്ടാമതായിട്ട് ആർ. ബാലകൃഷ്ണപിള്ള ഇങ്ങനെ നികുതി വെട്ടിപ്പുക്കാരനൊന്നുമല്ല. അദ്ദേഹം നികുതി കൊടുക്കുന്നവനാണ്, കൊടുക്കുകയും ചെയ്യും.

ശ്രീ. കെ. സി. ജോസഫ് : കാർഷികാദായനികുതിയുടെയും വിൽപ്പന നികുതിയുടെയും പിരിവിൽ നമ്മൾ ലക്ഷ്യമിട്ടിരുന്നത് എത്ര ശതമാനം വളർച്ച നിരക്കാണ്? യഥാർത്ഥത്തിൽ എത്ര ശതമാനം വളർച്ച നിരക്ക് കഴിഞ്ഞ വർഷമുണ്ടായി ? അത് മുൻവർഷങ്ങളേക്കാൾ കൂടുതലാണെങ്കിൽ ഇത്തരം ആരോപണങ്ങൾക്ക് യാതൊരു വസ്തുതയുമില്ല എന്നുള്ളതല്ലേ ശരി ?

ശ്രീ. കെ. എം. മാണി : പെർഫോർമൻസ് ഫലംകൊണ്ടറിയണം എന്നാണ്. ഫലം കൊണ്ടറിയുന്നുവെങ്കിൽ ഓരോ വർഷവും ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ വിൽപ്പന നികുതി ഈ സർക്കാർ പിരിച്ചെടുക്കുന്നുണ്ട്. കഴിഞ്ഞ വർഷത്തെ ബോയൻസിയെ സംബന്ധിച്ചിടത്തോളം ഫിനാൻസ് കമ്മീഷൻ പറഞ്ഞിരിക്കുന്നത് എട്ടു ശതമാനമാണെങ്കിൽ ഇവിടെ 22 ശതമാനം നികുതി വളർച്ച കരസ്ഥമാക്കിയ സംസ്ഥാനമാണ്. ആ നിലയ്ക്ക് നമുക്ക് അഭിമാനകരമായ നേട്ടമാണ് ഉണ്ടായിട്ടുള്ളത്. കഴിഞ്ഞകൊല്ലം വിൽപ്പന നികുതി ബഡ്ജറ്റ് എസ്റ്റിമേറ്റ് 360 കോടി രൂപയായിരുന്നുവെങ്കിൽ 373 കോടി രൂപ പിരിച്ചു കഴിഞ്ഞു. കഴിഞ്ഞ കൊല്ലം കാർഷികാദായ നികുതിയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പതിനൊന്നേമുക്കാൽ കോടി രൂപയായിരുന്നുവെങ്കിൽ നമ്മൾ ഇരുപതു കോടി രൂപ പിരിച്ചു. അവനെ വലിയ ഒരു പെർഫോർമൻസ് വരുത്തിയിട്ട് ആ പെർഫോർമൻസ് വരുത്തിയില്ല എന്ന ഒരു ധാരണയുണ്ടാക്കാൻ വേണ്ടി പ്രതിപക്ഷങ്ങൾ പ്രചരണം നടത്തുന്നത് ശരിയല്ല.

ശ്രീ. ബേബിജോൺ : ഗവൺമെൻറിന് ടാർജറിൽ കവിഞ്ഞ് പിരിച്ചു എന്നുള്ളതിനെ സംബന്ധിച്ച് അഭിമാനിക്കാൻ കഴിയും. കാരണം വിലവർദ്ധനവിൻെറ ഫലമായിട്ടാണല്ലോ സെയിൽ ടാക്സ് കൂടുന്നത്. വിലവർദ്ധനവും ടാർജറിനേക്കാൾ കൂടുന്നുണ്ട്. അതിൻെറ ഫലമായി സെയിൽസ്ടാക്സ് കൂടുന്നുണ്ട്. ഇവിടെ പ്രശ്നം ഇങ്ങനെ ടാർജറിനേക്കാൾ കൂടുതലുണ്ടെങ്കിൽ തന്നെയും ഈ അടുത്ത കാലത്ത് ഒരു പതിനാറായിരം കേസ്സുകൾ പരിശോധിച്ചതിൽ പതിനായിരത്തിലും നികുതി വെട്ടിപ്പുണ്ടെന്നേ ഒരു വാർത്ത വന്നു. ആ വസ്തുത ശരിയാണെങ്കിൽ ഇൻറൻസിവായിട്ട് അതൊരു പരിശോധനയ്ക്കും അതിൻെറ അടിസ്ഥാനത്തിലുള്ള പ്രവർത്തനത്തിനും ഒരു സംവിധാനമുണ്ടാക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ശ്രീ. കെ. എം. മാണി : ശ്രീ. ബേബിജോണിനറിയാമല്ലോ ഈ രാജ്യത്തെ വമ്പൻമാർ നികുതി വെട്ടിക്കാൻ ശ്രമിക്കും, ശ്രമിക്കുന്നുണ്ട്. എന്നാൽ മുഖം നോക്കാതെ ആ ശ്രമത്തെ തടയുന്നതിന് ഗവൺമെൻറ് ആത്മാർത്ഥമായ ശ്രമം നടത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. ജിനദേവൻ : കാർഷികാദായ നികുതി നിർണ്ണയ ഉദ്യോഗസ്ഥന്മാർ അസസ്സ്മെന്റ് നടപടികളും പൂർത്തിയാക്കുകയും ഫൈനൽ അസസ്സ്മെന്റ് ഓർഡറിന്റെ അടിസ്ഥാനത്തിൽ നികുതിദായകൻ നികുതി അടച്ച് ആ ഫയൽ തന്നെ ക്ലോസ് ചെയ്യുകയും ചെയ്തതിനുശേഷം, അഞ്ചും ആറും വർഷം കഴിഞ്ഞ് വീണ്ടും എസ്കേപ്പ് അസസ്സ്മെന്റ് എന്ന പേരിൽ നികുതി ചുമത്തി നികുതിദായകരെ ബുദ്ധിമുട്ടിക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഇത്തരത്തിൽ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. കെ. എം. മാണി : ഇപ്പോഴത്തെ കാര്യം മനസ്സിലായില്ലേ സർ. ഇതുവരെയും നികുതിവെട്ടിപ്പ് തടയുന്നുണ്ടോ എന്നതായിരുന്നു. ഈ ഗവൺമെന്റ് പഴയകാലത്ത് നികുതി വെട്ടിച്ചിട്ടുണ്ടെങ്കിൽ ആ തുരിമ്പുപോലും കണ്ടുപിടിച്ച് റീ-ഓപ്പൺ ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികളും സ്വീകരിച്ചപ്പോഴത്തെ മാർക്സിസ്റ്റ് അംഗം ചോദിക്കുകയാണ് അത് ഹാരസ്മെന്റല്ലേ? ഒഴിവാക്കാമോ എന്ന്. ഒഴിവാക്കാൻ കഴിയുകയില്ല. പഴയ കാലത്ത് നികുതി വെട്ടിച്ചതാണെന്ന് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടാൽ റീ-ഓപ്പൺ ചെയ്യും, നടപടിയും സ്വീകരിക്കും.

ശ്രീ. ജോസ് കുറിയാനി : സർക്കാർ വമ്പന്മാർ നികുതിവെട്ടിക്കാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമെന്നു പറഞ്ഞു. 1980 മുതൽ 1984 വരെയുള്ള കാലഘട്ടത്തിൽ വൈപ്പിൻ മദ്യദുരന്ത കേസ്സിലെ ഒരു പ്രതിയായ ചന്ദ്രസേനൻ കൊച്ചിൻ വൈൻസിന്റെ പേരിലും ഈഴത്തു വൈനിന്റെ പേരിലും മേത്താനത്ത് വൈനിന്റെ പേരിലും കൊച്ചിൻ എൻറർപ്രൈസസിന്റെ പേരിലുമായി വിദേശമദ്യത്തിന്റെ മൊത്തവ്യാപാരം നടത്തിയ വകയിൽ സെയിൽസ്ടാക്സ് ഇനത്തിൽ വലിയ തുക സംസ്ഥാന ഗവൺമെന്റിന് കൊടുക്കാനുണ്ട്. മദ്യം ഇവിടെ കൊണ്ടുവന്നു വിൽക്കുമ്പോഴത്തെ ആ മദ്യ വ്യാപാരികളും ഗവൺമെന്റിനുവേണ്ടി ഈടാക്കുന്ന 50 ശതമാനം സെയിൽസ്ടാക്സും, അഞ്ചു ശതമാനം സർച്ചാർജുമുൾപ്പെടെ നാലര കോടി രൂപയോളം ഗവൺമെന്റിനുവേണ്ടി പിരിച്ചെടുത്ത പണം ഖജനാവിൽ അടയ്ക്കുവാനുള്ള നടപടികളും സ്വീകരിക്കുന്ന ഉദ്യോഗസ്ഥന്മാരെ കാലാകാലങ്ങളിൽ ട്രാൻസ്ഫർ ചെയ്തത് അസസ്സ്മെന്റ് നടത്തിക്കാതിരിക്കാനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്നു പറഞ്ഞാൽ നിഷേധിക്കുമോ ?

ശ്രീ. കെ. എം. മാണി : ആ അസസ്സി തരുവാനുള്ള മുഴുവൻ കുടിശികയെ സംബന്ധിച്ചിടത്തോളവും റവന്യൂ റെക്കവറി നടപടി സ്വീകരിക്കുകയും അയാൾക്കെതിരെ കർശനമായ നടപടികളും സ്വീകരിക്കുകയും ചെയ്തപ്പോഴത്തെ കോടതിയിൽ നിന്നും ചില സ്റ്റേകളുണ്ടായി. അത് പിന്നെ വെക്കേറു ചെയ്തു, പിന്നെ അപ്പലേറ്റ് അതോരിറ്റികളിൽ നിന്നും ചില സ്റ്റേകളുണ്ടായി. അങ്ങനെ കോടതികളിലും അപ്പലേറ്റ് അതോരിറ്റികളിലുമുള്ള കേസ്സുകളുമൂലം ചില തടസ്സങ്ങളുണ്ടായി എന്നുള്ളത് വസ്തുതയാണ്, ഗവൺമെന്റ് വളരെ ശക്തമായ കർശനമായ നടപടികളാണ് ആ അസസ്സിക്കെതിരായി സ്വീകരിക്കുന്നത്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ : അസോസിയേഷൻ രാഷ്ട്രീയ പ്രേരിതമായി എന്തെങ്കിലും പറയുമെന്ന് ഗവൺമെന്റിനു പറയാം. പക്ഷേ ഇവിടെ ആഡിറ്റ് റിപ്പോർട്ടിൽ പറയുന്ന അപാകതകളും രാഷ്ട്രീയ പ്രേരിതമാണെന്നാണോ ഗവൺമെന്റ് കാണുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി : ഇത് കേട്ടാൽ തോന്നും ഈ ആഡിറ്റർ റിപ്പോർട്ടുകളെല്ലാം അപാകതകളുടെ ഒരു നിഘണ്ടുവാണെന്ന്, അല്ല, ആഡിറ്റർ റിപ്പോർട്ടിൽ ഏതെങ്കിലും ഒരു കേസിനെപ്പറ്റിയുള്ള പരാമർശനം കാണും. ഈ ആഡിറ്റർ റിപ്പോർട്ട് വാങ്ങിച്ച് ഗവൺമെന്റ് ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എവിടെയെങ്കിലും ഡെർലിക്ഷൻ ഓഫ് ഡ്യൂട്ടിയുണ്ടെങ്കിൽ നടപടിയെടുക്കും. ആഡിറ്റർ റിപ്പോർട്ടിൽ ഏതെങ്കിലും ഒരു കേസിനെപ്പറ്റി പരാമർശനമുണ്ടായാൽ ഉടനെ ജനറലൈസേഷൻ തെറ്റാണ്. It is a bad logic ആ ജനറലൈസേഷൻ തെറ്റാണ്.

ശ്രീ. ഇ. കെ. നായനാർ : മന്ത്രി ശരിയായ മറുപടി പറയണം. എട്ടു ലക്ഷം രൂപ ഒരു വ്യാപാരിക്ക് വിട്ടു വീഴ്ച ചെയ്തു കൊടുത്തു. ഈ മന്ത്രി അതിനെസംബന്ധിച്ച് ഉദ്യോഗസ്ഥന്റെ തലയിൽ വയ്ക്കുകയാണ്. ഉദ്യോഗസ്ഥനൊന്നുമല്ല ഇത് ചെയ്തത്.

മെഴുകുതിരിയുടെ വിൽപ്പന നികുതി

* 397. [457] ശ്രീ. എം. വി. രാഘവൻ :

,, വി. കേശവൻ :

,, എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഴുകുതിരിയുടെ വിൽപ്പന നികുതി എടുത്തു കളയണമെന്ന ആവശ്യം ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) മെഴുകുതിരി വ്യവസായ പ്രതിസന്ധിയെ നേരിടുകയാണെന്ന വസ്തുത കണക്കിലെടുത്ത് ഇതേപ്പറ്റി പരിശോധിച്ച് നടപടി സ്വീകരിക്കുമോ ?

ധനകാര്യവും നിയമവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി):

(എ) ഉണ്ട്.

(ബി) ഇതു സംബന്ധിച്ച് മെഴുകുതിരി നിർമ്മാതാക്കളുടെ സംഘടന നൽകിയ നിവേദനം ഗവൺമെന്റ് പരിശോധിച്ചു വരികയാണ്.

ശ്രീ. എം. വി. രാഘവൻ : എത്രകൊല്ലം കൊണ്ട് ഇതു പരിശോധിക്കും? ഇതിന് നികുതിയിളവ് കൊടുത്താൽ എത്ര നഷ്ടം വരുമെന്ന് വല്ല കാൽക്കുലേഷനും ഗവൺമെന്റിനുണ്ടോ ? എന്റെ അഭിപ്രായത്തിൽ വളരെ തുച്ഛമായതാണ്. ഇതൊരു കുടിൽ വ്യവസായമാണ്. അതു വിട്ടു കൊടുത്തുകൂടെ?

ശ്രീ. കെ. എം. മാണി : ഇങ്ങനെയൊക്കെ പല കാര്യങ്ങളിലും എക്സംപ്ഷൻ കൊടുക്കുമ്പോഴാണ് ഗവൺമെന്റിന്റെ വരുമാനം കുറയുന്നത്. ഇത് അനുവദിച്ചുകൊടുത്താൽ 17 ലക്ഷം രൂപയുടെ കുറവുവരും.

ശ്രീ. എം. വി. രാഘവൻ : 17 ലക്ഷം രൂപ എന്നുപറഞ്ഞാൽ ഒരു സെയിൽസ്ടാക്സ് വ്യാപാരിക്ക് ശ്രീമാൻ മാണി തന്നെ ഒഴിവാക്കിക്കൊടുക്കുന്നതേ വരികയുള്ളൂ. ഇത് വളരെ തുച്ഛമായതാണ്. അതുകൊണ്ട് ഇത് ഒഴിവാക്കുന്നകാര്യം ഗവൺമെന്റ് പരിശോധിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly